SHRI P. S. NATARAJA PILLAI : May I know whether the fishing boats constructed under the Norwegian scheme have been found suitable for fishing in our sea waters ?

SHRI PANAMPILLI GOVINDA MENON : That is the report.

## വെയിറ്റിംഗ് ഷെഡ്ഡുകൾ.

* 474. [6] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രമുഖ ട്രാൻസ്പോർട്ടേഷൻ കളിലും വെയിറ്റിംഗ് ഷെഡ്ഡുകൾ പണിയിച്ചിട്ടുണ്ടോ ;

(ബി) കൊല്ലം-തിരുവനന്തപുരം ലൈനിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇതു പണിയിച്ചിട്ടുണ്ട് ;

(സി) ആറ്റിങ്ങൽപോലുള്ള പ്രധാന കേന്ദ്രങ്ങളിൽ ഇതുവരെയും ഒരു വെയിറ്റിംഗ് ഷെഡ്ഡു കെട്ടാതിരുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും പ്രത്യേക ഉദ്ദേശമുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതുപോലുള്ള സ്ഥലങ്ങളിൽ ഇനിയെങ്കിലും വെയിറ്റിംഗ് ഷെഡ്ഡുകൾ പെട്ടെന്നു കെട്ടിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) കഴക്കൂട്ടം, കല്ലമ്പലം, ചാത്തന്നൂർ ഈ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(സി & ഡി) ആറ്റിങ്ങൽ മുതലായ പല സ്ഥലങ്ങളിലും വെയിറ്റിംഗ് ഷെഡ്ഡുകൾ കെട്ടുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എ. ബാലൻ : അതുവായിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡ് ഉണ്ടാക്കുവാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ട്.

## മൈനർ ഇറിഗേഷൻ.

* 475. [7] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുഡിപ്പാർട്ടുമെൻറിനു് മൈനർ ഇറിഗേഷൻ വിട്ടുകൊടുത്തതിനുശേഷം പ്രസ്തുത ഹെഡ്ഡിൽ താരതമ്യേന കൂടുതൽ പണികൾ നടന്നിട്ടുണ്ടോ ;

(ബി) 1954-55-ലും, 1955-56-ലും ഓരോ ഡിസ്ട്രിക്ടിലും ഈ ഹെഡ്ഡിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(സി) മുനിസിപ്പൽ അതിർത്തിയിലുള്ള മൈനർ ഇറിഗേഷൻ ജോലികൾക്ക് ചാർജ്ജു വഹിക്കുന്നതാരാണു് ?



LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) 1954-1955-ലും, 1955-1956-ലും ഓരോ ഡിസ്ട്രിക്റ്റിലും മൈനർ ഇറിഗേഷൻ ഹെഡ്ഡിൽ പഞ്ചായത്തുഡിപ്പാർട്ടുമെൻറുവഴി ചെലവായിട്ടുള്ള തുക താഴെ കൊടുത്തിരിക്കുന്നപ്രകാരമാണ്.

| | 1954-55 | | | 1955-56 (ജൂലായ്വരെ) | | |
|---|---|---|---|---|---|---|
| | രൂ. | ണ. | സ. | രൂ. | ണ. | സ. |
| തിരുവനന്തപുരം | 1,06,216 | 9 | 10 | 67,192 | 4 | 5 |
| കൊല്ലം | 34,615 | 15 | 10 | 24,426 | 10 | 5 |
| കോട്ടയം | 20,982 | 0 | 0 | 13,273 | 8 | 3 |
| തൃശ്ശൂർ | 3,27,541 | 14 | 0 | 25,544 | 5 | 5 |

(സി) മുനിസിപ്പൽ അതിർത്തിയിൽ മൈനർ ഇറിഗേഷൻ ജോലികൾ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിന്നുമാണ് നടത്തുന്നതു്.

ശ്രീ. ആർ. പ്രകാശം : ഇതുവരെയായി താരതമ്യേന പഞ്ചായത്തിന് വിട്ടുകൊടുത്തതിനുശേഷം കൂടുതൽ ഇറിഗേഷൻ വർക്കുകൾ നടത്തി എന്നു പറഞ്ഞു. അതിൻെറ കണക്കുകൾ ഒന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുതന്നെയാണു കഴിഞ്ഞ ഒരു കൊല്ലത്തിനകത്തു ചെലവായ തുകയുടെ കണക്കുകൾ ഞാൻ വായിച്ചതു്. ആദ്യത്തെ മൂന്നു മാസത്തിനകം വളരെ തുക ചെലവായി. ഈ കണക്കുവച്ചു നോക്കിയാൽ ഈ ബഡ്ജറ്റിൽ പ്രൊവൈഡു ചെയ്തിട്ടുള്ള തുക മുഴുവനും ചെലവാക്കാൻ സാധിക്കും.

ശ്രീ. ആർ. പ്രകാശം : 1954-55 മുഴുവൻ ഈ വർക്കുകൾ ഗവണ്മെൻറിൻെറ കീഴിലല്ലായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 1954-55 മുഴുവൻ കൊല്ലവും അല്ലായിരുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള : കൊല്ലവും കോട്ടയവും ഡിസ്ട്രിക്റ്റുകളിൽ ഈ ഇറിഗേഷൻ വർക്കിനു വേണ്ടിയുള്ള തുക ഇത്ര കുറവായി ചെലവാക്കാൻ കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ കൊല്ലം കുറവു വന്നിട്ടില്ല. കുറവു വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ഈ മൈനർ ഇറിഗേഷൻ വർക്സ്, പബ്ലിക്ക് ഡിപ്പാർട്ടുമെൻറിൻെറ കീഴിലായിരുന്നു. അതു് പഞ്ചായത്തിലേയ്ക്കു മാറാൻ കുറെ കാലതാമസം വന്നു. അതു മാറി കഴിഞ്ഞതിനുശേഷം കുറവു വന്നിട്ടില്ല.

ശ്രീ. പി ആർ. മാധവൻപിള്ള : ആ ഡിസ്ട്രിക്റ്റുകളിൽ മൈനർ ഇറിഗേഷനുള്ള സാദ്ധ്യത കുറവാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സാദ്ധ്യത കുറവൊന്നുമില്ല. എല്ലാ ഡിസ്ട്രിക്റ്റുകളിലും ഒരുപോലെ ചെലവാക്കാനാണു ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. സി. എ. മാത്യു : ഈ കൊല്ലം കൂടുതൽ മൈനർ ഇറിഗേഷൻ ജോലികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ കൊല്ലം ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പി. ആർ. മാധവൻപിള്ള : എല്ലാ ഡിസ്ട്രിക്റ്റുകളിലും ഒരു പോലെ ചെലവാക്കാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞു. എന്നാൽ കോട്ടയം, കൊല്ലം ഈ ഡിസ്ട്രിക്റ്റുകളിൽ മറ്റു ഡിസ്ട്രിക്റ്റുകളെ അപേക്ഷിച്ചു കുറച്ചു ചെലവാക്കാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. ആ ജോലികൾ പഞ്ചായത്തിലേയ്ക്കു മാറ്റാൻ കാലതാമസമുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ : പഞ്ചായത്തിലേയ്ക്കു ഈ ജോലികൾ മാറ്റാൻ ഇത്ര കാലതാമസം നേരിട്ടതു എന്തുകൊണ്ടാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ കൊല്ലം നടന്നതാണ്. പ്രത്യേക കാര്യമൊന്നുമില്ല.

ശ്രീ. എം. വി. ചെറിയാൻ : കൊല്ലം ഡിസ്ട്രിക്ടിലും, കോട്ടയം ഡിസ്ട്രിക്ടിലും ഇറിഗേഷൻ വർക്കുകൾ കുറവായി ചെയ്തതുകൊണ്ട് അവിടെ വിഷമങ്ങൾ ഉള്ളതായിട്ടു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടില്ല.

ശ്രീ. ആർ. പ്രകാശം : ഈ ഹെഡ്ഡിലേയ്ക്ക് എത്ര ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്നതു് ?

MR. SPEAKER : The hon. Member can find it out from the Budget.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മൈനർ ഇറിഗേഷൻ പഞ്ചായത്തിലേയ്ക്കു മാറ്റുന്നതിനു കൊല്ലം, കോട്ടയം ഡിസ്ട്രിക്റ്റുകളിലെ പഞ്ചായത്തുകൾ വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നു് മന്ത്രി പറയുകയുണ്ടായി. അതെന്താണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഞാൻ പറഞ്ഞില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അങ്ങനെ പഞ്ചായത്തിലേയ്ക്കു മാറ്റുന്നതിനു ഉത്തരവാദപ്പെട്ടവർ ആരാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പണികൾ നടക്കാൻ കുറെ താമസം വന്നിട്ടുണ്ടെന്നാണു പറഞ്ഞതു്. ചിലടത്തു്, അതായതു കൊല്ലത്തും കോട്ടയത്തും, അതിനുള്ള കാരണം പഞ്ചായത്തിൽ നിന്നും വേണ്ടത്ര സഹകരണം കിട്ടാത്തതുകൊണ്ടായിരിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : രണ്ടു ഡിസ്ട്രിക്ടിൽ മാത്രം ഇങ്ങനെ ട്രാൻസ്ഫർ ചെയ്യാൻ താമസം വന്നതിനു കാരണമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാരണം ഞാൻ നേരത്തെ പറഞ്ഞു. തൃശ്ശൂർ ഡിസ്ട്രിക്ടിൽ 327541 രൂപ 1954-55-ൽ ചെലവു വന്നിട്ടുണ്ട്. പഴയ തിരുവിതാംകൂറിലെ പറവൂർ, കുന്നത്തുനാട് ഈ താലൂക്കുകളിൽ കൂടി ഒഴുകുന്ന പെരിയാർ നദിയുടെ തീരപ്രദേശങ്ങളിൽ ധാരാളം ഇറിഗേഷൻ പദ്ധതികൾ ഉണ്ട്. അതിനുവേണ്ടി ചെലവുചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഞാൻ ചോദിച്ചത് ഈ രണ്ടു ഡിസ്ട്രിക്റ്റുകളിലും ഇറിഗേഷൻ വർക്ക്സ് പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനു ഇത്ര കാലതാമസം വന്നതിന്റെ കാരണം എന്താണെന്നറിഞ്ഞാൽ കൊള്ളാമെന്നാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 1954-55-ൽ ആണതു വന്നതായത്. പ്രത്യേക കാര്യമൊന്നുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മറ്റു ഡിസ്ട്രിക്റ്റുകളെക്കാൾ കോട്ടയം ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളം പത്തു ശതമാനം പോലും വർക്കുകൾ നടത്തിയിട്ടില്ലെന്നുള്ളതും, ഈ ട്രാൻസ്ഫർ ചെയ്യുന്നതിനു താമസംനേരിട്ടതും എന്തുകൊണ്ടാണെന്നു മന്ത്രി ഇതുവരെ അന്വേഷിച്ചിട്ടില്ലെങ്കിൽ ഇനിയെങ്കിലും ഒന്നു അന്വേഷിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു പ്രത്യേക കാരണമുള്ളതായി കാണുന്നില്ല.

ശ്രീ. കെ. പി. ഹാർമീസ് : പഞ്ചായത്തിലേക്കു മാറ്റിയതിനു പിന്നെ പുതിയ പദ്ധതികൾ വല്ലതും തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനുമുമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി അപേക്ഷ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വില കൊടുക്കുന്നതിനും മറ്റുമാണ് ആ തുകയിൽ അധികവും ചിലവാക്കിയതു്.

ശ്രീമതി കെ. ആർ. ഗൗരി : പഞ്ചായത്തുകളുടെ സഹകരണക്കുറവു കൊണ്ടാണ് വർക്കുകൾ നടത്തിയതു കുറഞ്ഞുപോകുന്നതിനു കാരണമെന്നുപറഞ്ഞു. പഞ്ചായത്തുകളിൽനിന്നും അപേക്ഷിച്ചിരുന്ന വർക്കുകൾ ഇതിനകം ചെയ്തു തീർന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : താമസത്തിനുള്ള കാരണങ്ങൾ അതാണെന്നു പറഞ്ഞിട്ടില്ല. അതുംകൂടി ഒരു കാരണമാണെന്നേ പറഞ്ഞിട്ടുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : പൊല്ലം ഡിസ്ട്രിക്റ്റിൽ ഉദ്യോഗസ്ഥന്മാരെ ഓരോ സ്ഥലത്തേയ്ക്കും പല പ്രാവശ്യവും അങ്ങോട്ടും ഇങ്ങോട്ടും മാറ്റിക്കഴിഞ്ഞതിനുശേഷമല്ലേ ഈ വർക്കുകൾ ആരംഭിച്ചതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : മുൻപു് കൊല്ലം ഡിസ്ട്രിക്റ്റിൽ കായംകുളം കൂടെ ഉൾപ്പെടുത്തിയിരുന്നതു് ഇപ്പോൾ മാറ്റി കായംകുളം ആലപ്പുഴ സബ്ഡിവിഷനിൽ ചേർത്തിരിക്കയല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് കൂടുതൽ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനുവേണ്ടി ഇപ്പോൾ ആലപ്പുഴ ഒരു പുതിയ സബ്ഡിവിഷൻകൂടി ഏർപ്പെടുത്തിയതു കൊണ്ടാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഡിസ്ട്രിക്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഫലമായി ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടും അയക്കേണ്ടിവരുന്നതിനാൽ കാലതാമസം നേരിടുകയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വലിയ കാലതാമസത്തിനിട യില്ല. ആലപ്പുഴ ഒരു സബ്ഡിവിഷൻകൂടി ഉണ്ടാക്കുകയാണ ചെയ്തത്.

ശ്രീ. എം. വി. ചെറിയാൻ: പെരിയാറിന്റെ തീരപ്രദേശങ്ങ ളിൽ ലിഫ്റ്റ ഇറിഗേഷൻ നടപ്പാക്കി എന്നു പറഞ്ഞല്ലോ. കോട്ടയം ഡിസ്ട്രിക്റ്റിൽപ്പെട്ട മുവാറ്റുപുഴ റിവർവാലി സ്കീം അതിൽ ഉൾ പ്പെട്ടതെന്നറിയാമോ ?

MR. SPEAKER : You are supplying information. That is disallowed.

## കുഴൽക്കിണറുകൾ.

* 476. [8] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യ ത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

രണ്ടാംപഞ്ചവത്സരപദ്ധതി അനുസരിച്ച് തീരദേശത്തു സ്ഥാപി ക്കാനുദ്ദേശിക്കുന്ന കുഴൽക്കിണറുകൾ എത്ര; ഓരോ തീരദേശതാലൂക്കിലും എത്രവീതം ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): രണ്ടാംപഞ്ചവത്സര പദ്ധതിയനുസരിച്ചു തീരപ്രദേശങ്ങളിൽ 180 കുഴൽക്കിണറുകൾ സ്ഥാപി ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഓരോ തീരദേശതാലൂക്കിലും എത്ര എണ്ണം വേണമെന്നു നിശ്ചയിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : പ്ലാൻ തയാറാക്കി കഴിഞ്ഞിട്ടും ഓരോ താലൂക്കിലും എത്ര കുഴൽക്കിണറുകൾ വീതം സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്നുണ്ടെന്ന് ഒരു ലിസ്റ്റ തയാറാക്കാത്തതു എന്താണ് ?

ശ്രീ. എ. എ. റഹിം : ആ പ്ലാനിൽ പ്രത്യേകമായി ഓരോ താലൂ ക്കിലും എത്രയെണ്ണം വേണമെന്നു തീരുമാനിച്ചിട്ടില്ല. മൊത്തം 180 എണ്ണം വേണമെന്നു തീരുമാനിച്ചിട്ടുണ്ട്. സ്ഥലം തിരുമാനിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : കേന്ദ്രത്തിൽനിന്നും നാം ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതുകൊണ്ടു് ഇതിൽ വല്ല വ്യത്യാസവും വരാൻ ഇടയുണ്ടോ ?

ശ്രീ. എ. എ. റഹിം : 36 ലക്ഷം രൂപയാണ് കുഴൽക്കിണറിന്റെ ആവശ്യത്തിലേക്കു് ആവശ്യപ്പെട്ടിട്ടുള്ളതു്. അതിൽനിന്നും കുറവുവരു ത്തിയിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: ഈ 180 കുഴൽക്കിണറുകൾ കഴി പ്പിക്കുന്നതിനു 36 ലക്ഷം രൂപ വേണ്ടിവരുമോ ?

ശ്രീ. എ. എ. റഹിം : 36 ലക്ഷം രൂപ വേണ്ടിവരുമെന്നാണു ഉദ്ദേ ശിച്ചിട്ടുള്ളതു്. കൂടുതൽ തുക മറ്റും വരുന്നപക്ഷം കൂടുതൽ കുഴൽക്കി ണറുകൾ കഴിപ്പിക്കാം.

ശ്രീ. പി. കെ. യശോധരൻ : ഏതടിസ്ഥാനത്തിലാണ് ഇങ്ങനെ തീരുമാനിച്ചതു് ?

ശ്രീ. എ. എ. റഹിം : ഒരെണ്ണത്തിനു ഉദ്ദേശം ഇരുപതിനാ യിരം രൂപ ചെലവുവരും.

LIBRARY ARCHIVES Kerala Legislative Assembly